# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4012 — 16-03-2017-ൽ മറുപടിയ്ക്ക്

## എസ്.സി./എസ്.ടി. ചികിത്സാധനസഹായത്തിനായി ലഭിച്ച അപേക്ഷകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി.വീണാ ജോർജ്ജ്** | | **ശ്രീ. എ.കെ.ബാലൻ**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും, നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആറന്മുള നിയോജക മണ്ഡലത്തിൽനിന്നും എസ്.സി./എസ്.ടി. ചികിത്സാധന സഹായത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; | എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആറന്മുള നിയോജക മണ്ഡലത്തിൽനിന്നും ചികിത്സാധന സഹായത്തിനായി എസ്.സി./എസ്.ടി. വിഭാഗക്കാരുടെ 282 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.<br>(എസ്.സി - 274<br>എസ്.റ്റി - 8) |
| ബി) | ഇതിൽ എത്രപേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്; | ബി) | ഇതിൽ 262 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.<br>(എസ്.സി. - 254<br>എസ്.റ്റി. - 8 ) |
| സി) | എസ്.സി./എസ്.ടി. വകുപ്പുകൾ വഴി നൽകുന്ന ധനസഹായം അറിയാതെ പോകുന്ന ജനങ്ങളെ കണ്ടെത്തി ധനസഹായം നൽകുവാൻ നടപടികൾ സ്വീകരിക്കുമോ; | സി) | പട്ടികജാതി വകുപ്പു നൽകുന്ന സഹായപദ്ധതികളെക്കുറിച്ചുള്ള വിവരം എസ്.സി പ്രൊമോട്ടർമാർ പട്ടികജാതി ജനവിഭാഗങ്ങളിലെത്തിക്കുന്നുണ്ട്. കൂടാതെ ബ്ലോക്ക്/പഞ്ചായത്തുതലങ്ങളിലും ഇതു സംബന്ധിച്ച ബോധവല്ക്കരണ ക്ലാസുകൾ നടത്തുന്നുണ്ട്. പട്ടികവർഗ്ഗവികസന വകുപ്പു നൽകുന്ന ധനസഹായം സംബന്ധിച്ച വിവരം എസ്.റ്റി പ്രൊമോട്ടർമാർ ഭവനസന്ദർശനം നടത്തി നൽകുന്നുണ്ട്. |
| ഡി) | ഇതിനായി വീടുകളിൽ പോയി സർവ്വേ നടത്തുവാൻ ഉത്തരവ് പുറപ്പെടുവിക്കുമോ? | ഡി) | ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ